

# മാർ തോമാശ്ലീഹായോടുള്ള നൊവേന

ലോകരക്ഷകനായ ഈശോമിശിഹായുടെ പന്ത്രണ്ട് ശ്ലീഹന്മാരിൽ ഒരാളായിരുന്നു തോമസ്. ദീദിമോസ് എന്നറിയപ്പെട്ടിരുന്ന അദ്ദേഹം ഗ്ലീലാ സ്വദേശിയായിരുന്നു. എല്ലാം ഉപേക്ഷിച്ച് തോമാ മിശിഹായെ അനുഗമിച്ചു. തീക്ഷ്ണമതിയും ധീരനുമായിരുന്ന തോമാശ്ലീഹായ്ക്ക് തന്റെ ഗുരുവിനോട് അളവറ്റ സ്നേഹമാണുണ്ടായിരുന്നത്. താൻ സ്നേഹിച്ചിരുന്ന ലാസറിന്റെ മരണവാർത്തയറിഞ്ഞ് ബഥനിയിലേക്കു പോകുവാൻ ഒരുങ്ങിയ ദിവ്യഗുരുവിനെ മറ്റു ശിഷ്യന്മാർ തടഞ്ഞപ്പോൾ *നമുക്കും അവനോടു കൂടെ പോയി മരിക്കാം* (യോഹ. 11,16) എന്നു പറഞ്ഞു മുമ്പോട്ടു വന്നത് തോമ്മാശ്ലീഹായാണ്. അന്ത്യ അത്താഴവേളയിൽ *ഞാനാകുന്നു വഴിയും സത്യവും ജീവനും* (യോഹ. 14, 6) എന്ന് പ്രസ്താവിക്കാൻ മിശിഹായെ പ്രേരിപ്പിച്ചത് തോമായുടെ ഒരു ചോദ്യമായിരുന്നു.

ഈശോയുടെ സ്വർഗ്ഗാരോഹണത്തിനുശേഷം ശ്ലീഹന്മാർ സുവിശേഷപ്രസംഗത്തിനായി ലോകത്തിന്റെ നാനാഭാഗങ്ങളിലേക്കും പോയി. തോമാശ്ലീഹാ ഏറ്റം വിദൂരമായ പൗരസ്ത്യദേശം തിരഞ്ഞെടുത്തു. മേദിയായിലും പേർഷ്യയിലും അവയുടെ സമീപപ്രദേശങ്ങളിലും സുവിശേഷവേല നടത്തിയതിനുശേഷം കരയും കടലും താണ്ടി വിശുദ്ധ ശ്ലീഹാ എ.ഡി. 52-ൽ തെക്കേ ഇന്ത്യയിലെ തുറമുഖ പട്ടണമായിരുന്ന കൊടുങ്ങല്ലൂരിലെത്തി. കൊടുങ്ങല്ലൂർ, പാലയൂർ, കോട്ടയ്ക്കാവ്, കോക്കമംഗലം, കൊല്ലം, നിരണം, ചായൽ എന്നിവിടങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിച്ച് അദ്ദേഹം സുവിശേഷവേല നടത്തി. അവിടെ സഭാസമൂഹ

ങ്ങൾക്ക് രൂപം നൽകി. ചോളരാജ്യത്തിലേക്കുള്ള പ്രയാണമദ്ധ്യേ, മലയാറ്റൂർ കുരിശുമുടിയിൽ കയറി പലവട്ടം പ്രാർത്ഥിച്ചു. അവിടെ വിശുദ്ധന്റെ കാൽപാദങ്ങൾ പതിഞ്ഞ പാറ ഇന്നും ദൃശ്യമാണ്. ഇന്ത്യയുടെ നാനാഭാഗങ്ങളിൽ നിന്നും മലയാറ്റൂർ കുരിശുമുടിയിലേക്ക് തീർത്ഥകലക്ഷങ്ങൾ പ്രവഹിക്കുന്നുണ്ട്. മദ്രാസിനടുത്തുള്ള മൈലാപ്പൂര് (സാന്തോം) വച്ചാണ് വിശുദ്ധൻ എ.ഡി. 72 ജൂലൈ 30-ാം തീയതി രക്തസാക്ഷിത്വം വരിച്ചത്. മാർ തോമാശ്ലീഹായുടെ കബറിടം സ്ഥിതി ചെയ്യുന്നത് മൈലാപ്പൂർ സാന്തോം കത്തീഡ്രലിലാണ്. വിശുദ്ധന്റെ തിരുനാൾ ദിനമായ ജൂലൈ 3 മാർത്തോമ്മാ കത്തോലിക്കർക്ക് കടമുള്ള ദിവസമാണ്. 1986-ൽ വിശുദ്ധ ജോൺ പോൾ രണ്ടാമൻ മാർപ്പാപ്പ ശ്ലീഹായുടെ കബറിടം സന്ദർശിച്ചു.

**തിരുനാൾ ദിനം : ജൂലൈ 3**

## പ്രാരംഭഗാനം

*(വിശുദ്ധനായ സെബസ്ത്യാനോസേ... എന്ന രീതി)*

വിശുദ്ധനായ തോമ്മാശ്ലീഹാ
ഞങ്ങൾവേണ്ടി പ്രാർത്ഥിക്കണേ (2)
ഭാരതസഭയുടെ സ്ഥാപകനാകുവാൻ
ആത്മാഭിഷേകം ലഭിച്ചവനേ
മാദ്ധ്യസ്ഥം തേടി വണങ്ങുന്ന ഞങ്ങളെ
കാരുണ്യപൂർവ്വം സഹായിക്കണേ (വിശുദ്ധ...)

വിശ്വാസമാർഗ്ഗം ഞങ്ങൾക്കു നൽകിയ
ധീരതയാർന്ന പിതാമഹനേ (2)
ക്രൈസ്തവജീവിതവീഥിയിൽ ഞങ്ങൾക്ക്
താങ്ങും തണലുമായി നിൽക്കണമേ (2)

കാർമ്മി : പിതാവും പുത്രനും പരിശുദ്ധാത്മാവുമായ ദൈവമേ, അങ്ങു ഞങ്ങളുടെ മദ്ധ്യേ സന്നിഹിതനായിരിക്കുന്നുവെന്ന് ഞങ്ങൾ വിശ്വസിക്കുന്നു. അങ്ങയെ ഞങ്ങൾ സ്നേഹിക്കുന്നു. ഞങ്ങൾ ചെയ്തുപോയ പാപങ്ങളെക്കുറിച്ച് മനഃസ്തപിക്കുകയും മാപ്പപേക്ഷിക്കുകയും ചെയ്യുന്നു. അങ്ങയുടെ ദാസനായ മാർ തോമ്മാശ്ലീഹായെ ഭാരതത്തിന്റെ അപ്പസ്തോലനും ഞങ്ങളുടെ പിതാവുമായി നൽകിയതിന്

ഞങ്ങൾ അങ്ങയോട് നന്ദി പറയുന്നു. വിശുദ്ധ ശ്ലീഹായുടെ കാലടികൾ പിഞ്ചെന്ന് ഈശോയ്ക്ക സജീവസാക്ഷ്യം വഹിക്കുവാൻ ഞങ്ങളെ പ്രാപ്തരാക്കണമേ.

സമൂ. : ആമ്മേൻ

കാർമ്മി : ഈശോയോടുള്ള സ്നേഹത്തെപ്രതി അപകടസാഹചര്യങ്ങളിൽ പോലും ധീരമായി മുമ്പോട്ടുവന്ന് മറ്റു ശിഷ്യന്മാർക്ക് ചൈതന്യം പകർന്ന മാർ തോമ്മാശ്ലീഹായെ,

സമൂ. : സഭയ്ക്കുണ്ടാകുന്ന പ്രതിസന്ധികളിൽ സഭയോടൊത്ത് നിലകൊള്ളുവാനും, ഈശോയ്ക്കു വേണ്ടി രക്തം ചിന്തുവാനും ഞങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കണമേ.

കാർമ്മി : ഈശോയുടെ ആഹ്വാനം ശ്രവിച്ച മാത്രയിൽ (സമൂഹവും ചേർന്ന്) / ഗലീലിയിലെ കടലോരങ്ങളിൽ വച്ച് / വലയും വഞ്ചിയും ഉപേക്ഷിക്കുകയും / മാതാപിതാക്കന്മാരെ പരിത്യജിക്കുകയും ചെയ്തുകൊണ്ട് / സുവിശേഷവേലയ്ക്കായി ഇറങ്ങിത്തിരിച്ച / മാർ തോമാശ്ലീഹായേ / ദൈവഹിതം മനസ്സിലാക്കി / അനുദിനജീവിതം നയിക്കുവാൻ / ഞങ്ങളെ പ്രാപ്തരാക്കണമേ. / നന്മ ചെയ്തുകൊണ്ട് സഞ്ചരിച്ച ദിവ്യഗുരുവിനെ / മരണം വരെ അനുധാവനം ചെയ്ത ശ്ലീഹായെ / ഏതൊരു പ്രതിസന്ധിയിലും / ഈശോയെ പിഞ്ചെല്ലുവാനും / സത്യത്തിനു സാക്ഷികളാകുവാനും / ഞങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കണമേ. / ആമ്മേൻ.

## സങ്കീർത്തനം (115)

കാർമ്മി. : കർത്താവിന്റെ ഭക്തരേ, കർത്താവിൽ ആശ്രയിക്കുവിൻ. അവിടുന്നാണു നിങ്ങളുടെ സഹായവും പരിചയും

സമൂ. : കർത്താവിന് നമ്മെക്കുറിച്ച് വിചാരമുണ്ട്, അവിടുന്ന് നമ്മെ അനുഗ്രഹിക്കും.

കാർമ്മി : അവിടുന്ന് ഇസ്രായേൽ ഭവനത്തെ ആശീർവ്വദിക്കും; അഹറോന്റെ ഭവനത്തെ അനുഗ്രഹിക്കും.

സമൂ. : കർത്താവിന്റെ ഭക്തന്മാരെ, ചെറിയവരെയും വലിയവരെയും അവിടുന്ന് അനുഗ്രഹിക്കും.

കാർമ്മി : കർത്താവു നിങ്ങളെ അനുഗ്രഹിക്കട്ടെ. നിങ്ങളെയും നിങ്ങളുടെ മക്കളെയും

സമൂ. : ആകാശവും ഭൂമിയും സൃഷ്ടിച്ച കർത്താവ് നമ്മെ അനുഗ്രഹിക്കട്ടെ.

കാർമ്മി : പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി.

സമൂ : ആദിമുതൽ എന്നേക്കും,ആമ്മേൻ.

## കാറോസൂസ

കാർമ്മി. : നമുക്കെല്ലാവർക്കും വിശ്വാസത്തോടും പ്രതീക്ഷയോടും കൂടെ മാർ തോമാശ്ലീഹായെ ഈശോയോട് അപേക്ഷിക്കണമേ എന്ന് പ്രാർത്ഥിക്കാം.

സമൂ. : മാർ തോമ്മാശ്ലീഹായേ, ഈശോയോട് അപേക്ഷിക്കണമേ.

കാർമ്മി : അക്രമവും അനീതിയും യുദ്ധങ്ങളും അവസാനിപ്പിച്ച് ലോകരാഷ്ട്രങ്ങളെല്ലാം ശാന്തിയിലും സമാധാനത്തിലും ജീവിക്കുവാൻ,

സമൂ. : മാർ തോമ്മാശ്ലീഹായേ, ഈശോയോട് അപേക്ഷിക്കണമേ.

കാർമ്മി : സാർവ്വത്രികസഭയുടെ തലവനായ പരിശുദ്ധ പിതാവ് മാർ.......... പാപ്പായ്ക്കും ഞങ്ങളുടെ സഭയുടെ പിതാവും തലവനുമായ മേജർ ആർച്ച് ബിഷപ്പ് മാർ...................... മെത്രാപ്പോലീത്തായ്ക്കും എല്ലാ വൈദികമേലദ്ധ്യക്ഷന്മാർക്കും ഭരമേല്പിക്കപ്പെട്ടിരിക്കുന്ന ഉത്തരവാദിത്വങ്ങൾ ദൈവഹിതാനുസരണം നിർവ്വഹിക്കപ്പെടുവാൻ,

സമൂ. : മാർ തോമ്മാശ്ലീഹായേ, ഈശോയോട് അപേക്ഷിക്കണമേ.

കാർമ്മി : ഞങ്ങളുടെ രൂപതയും ഞങ്ങളുടെ പിതാവും മേലദ്ധ്യക്ഷനുമായ മാർ................മെത്രാനും എല്ലാ വൈദികരും സന്ന്യസ്തരും അനുഗ്രഹിക്കപ്പെടുവാനും തീക്ഷ്ണതയുള്ള അത്മായപ്രേഷിതരെ ഞങ്ങൾക്കു ലഭിക്കുവാനും,

സമൂ. : മാർ തോമ്മാശ്ലീഹായേ, ഈശോയോട് അപേക്ഷിക്കണമേ.

കാർമ്മി. : ഒരേ പിതാവിന്റെ മക്കളെപ്പോലെ ഈ ഇടവകാംഗങ്ങളെല്ലാവരും പരസ്പരം സ്നേഹിച്ചും സഹകരിച്ചും പ്രവർത്തിക്കുന്നതിന്,

സമൂ. : മാർ തോമ്മാശ്ലീഹായേ, ഈശോയോട് അപേക്ഷിക്കണമേ.

കാർമ്മി : ഞങ്ങളുടെ കുടുംബങ്ങളിൽ സമാധാനവും ശാന്തിയും പുലരുവാനും ഞങ്ങളുടെ കുഞ്ഞുങ്ങളും യുവജനങ്ങളും വിശുദ്ധിയിലും വിജ്ഞാനത്തിലും ദൈവത്തിന്റെയും മനുഷ്യരുടെയും പ്രീതിയിലും വളർന്നുവരുവാനും,

സമൂ. : മാർ തോമ്മാശ്ലീഹായേ, ഈശോയോട് അപേക്ഷിക്കണമേ.

*(സന്ദർഭോചിതമായി മറ്റ് നിയോഗങ്ങളും കൂട്ടിച്ചേർക്കാവുന്നതാണ്)*

കാർമ്മി : നിശ്ശബ്ദമായി നമ്മുടെ വ്യക്തിപരമായ പ്രാർത്ഥനകൾ മാർ തോമാശ്ലീഹായുടെ മാദ്ധ്യസ്ഥം വഴി ദൈവതിരുസന്നിധിയിൽ സമർപ്പിക്കാം.

*(നിശ്ശബ്ദം)*

കാർമ്മി : ഉത്ഥാനം ചെയ്ത കർത്താവിനെ കാണാതെയും സ്പർശിക്കാതെയും വിശ്വസിക്കുകയില്ലെന്നു പറഞ്ഞ മാർതോമാശ്ലീഹായേ, ഈശോയിലുള്ള വിശ്വാസത്താൽ പ്രേരിതനായി അവിടുത്തേക്കുവേണ്ടി ആത്മാക്കളെ നേടുവാൻ ഭാരതത്തിൽ വന്ന് അങ്ങ് അവസാനതുള്ളി രക്തവും ചിന്തി വിശ്വാസത്തെ പ്രതി മരിച്ചുവല്ലോ. അങ്ങയുടെ മാതൃകയനുസരിച്ച് ഈശോയിലുള്ള വിശ്വാസം ഏറ്റുപറയുവാനും ഈശോയിൽ ജീവിച്ചുകൊണ്ട് അവിടുത്തേക്ക് സാക്ഷ്യം വഹിക്കുവാനും ഞങ്ങളെ സഹായിക്കണമേ. സകലത്തിന്റെയും നാഥാ, എന്നേക്കും

സമൂ. : ആമ്മേൻ

## ഗാനം

*(ഈ സമയത്ത് കാർമ്മികൻ ജനങ്ങളുടെമേൽ വിശുദ്ധജലം തളിക്കുന്നു)*

*(എത്ര നല്ലീശോനാഥാ.......എന്ന രീതി)*

ഭാരതഭൂവിനാശാ
ദീപം തെളിച്ചവനേ,
മാർതോമ്മാ, നിൻ സുതരാം
ഞങ്ങൾക്കായി പ്രാർത്ഥിക്കണേ
ക്രിസ്തുവിൻ ദിവ്യമാർഗ്ഗം

സത്യത്തിൻ നവ്യമാർഗ്ഗം
കൃത്യമായി പിന്തുടരാൻ
ഞങ്ങൾക്കായി പ്രാർത്ഥിക്കണേ

സുവിശേഷ സന്ദേശത്തിൻ
കതിർവീശും ദീപ്തിയാലേ
കൂരിരുൾ നീക്കിടുവാൻ
ഞങ്ങൾക്കായി പ്രാർത്ഥിക്കണേ

ശാന്തി വിതച്ചീടുവാൻ
കാന്തി പരത്തീടുവാൻ
വാത്സല്യമേറും താതാ
ഞങ്ങൾക്കായി പ്രാർത്ഥിക്കണേ

കാർമ്മി : ലോകരക്ഷകനായ മിശിഹായേ (സമൂഹവും കൂടി) / അങ്ങയുടെ ശിഷ്യന്മാരിൽ ഒരുവനായി / തോമാശ്ലീഹായെ അങ്ങു വിളിച്ചുവല്ലോ. / അങ്ങയോടുള്ള സ്നേഹാതിരേകത്താലും / ആത്മാക്കളെക്കുറിച്ചുള്ള തീക്ഷ്ണതയാലും / എല്ലായിടത്തും സുവിശേഷം പ്രസംഗിക്കുകയും / അവർണ്യങ്ങളായ ക്ലേശങ്ങൾ സഹിച്ച് / രക്തസാക്ഷി മകുടം ചൂടുകയും ചെയ്ത / വിശുദ്ധനെ പ്രതി / ഞങ്ങളങ്ങേയ്ക്ക് നന്ദി പറയുന്നു. / രോഗികളെ സുഖപ്പെടുത്തുവാനും / ദുഃഖമനുഭവിക്കുന്നവരെ ആശ്വസിപ്പിക്കുവാനും / പാപികളെ മോചിപ്പിക്കുവാനും / പിശാചുബാധിതരെ സൗഖ്യമാക്കുവാനും / എല്ലാവരിലും ദൈവസ്നേഹം വളർത്തുവാനും വേണ്ടി / ജീവിതകാലം മുഴുവൻ വ്യയം ചെയ്ത / വിശുദ്ധന്റെ മാദ്ധ്യസ്ഥത്താൽ / ഞങ്ങളുടെ പ്രത്യേക നിയോഗങ്ങൾ / സാധിച്ചു തരണമേ. / പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ, എന്നേക്കും, ആമ്മേൻ.

കാർമ്മി : ഈശോമിശിഹായുടെ വാഗ്ദാനങ്ങൾക്ക് ഞങ്ങൾ യോഗ്യരാകുവാൻ,

സമൂ. : മാർ തോമാശ്ലീഹായേ, ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ.

# സമാപനപ്രാർത്ഥന

കാർമ്മി : സുവിശേഷം പ്രസംഗിക്കുവാനും സത്യത്തിനു സാക്ഷ്യം വഹിക്കുവാനുമായി ശ്ലീഹന്മാരെ വിളിച്ച മിശിഹായെ നമുക്കു സ്തുതിക്കാം. എല്ലാമുപേക്ഷിച്ചുകൊണ്ടും ദൈവരാജ്യം പ്രചരിപ്പിച്ച മാർ തോമാശ്ലീഹായെ നമുക്ക് അനുകരിക്കാം. ദൈവീകാഹ്വാനങ്ങൾ ചെവിക്കൊള്ളുവാനും ക്ലേശങ്ങൾ സന്തോഷപൂർവ്വം സഹിക്കുവാനും ദൈവം നിങ്ങളെ പ്രാപ്തരാക്കട്ടെ. ശത്രുക്കളുടെ ആക്രമണങ്ങളിൽ നിന്നും പൈശാചികതന്ത്രങ്ങളിൽ നിന്നും നിങ്ങൾ സംരക്ഷിതരാകട്ടെ. എല്ലാവിധ രോഗങ്ങളിലും ആകുലതകളിലും നിന്നും നിങ്ങൾ വിമോചിതരാകട്ടെ. നിർമ്മലകരമായ ജീവിതം നയിക്കുവാനും ഭാഗ്യപ്പെട്ട മരണം വഴി ദൈവത്തെ കണ്ടാനന്ദിക്കുവാനും നിങ്ങൾക്കിടയാകട്ടെ. നമ്മുടെ കർത്താവീശോമിശിഹായുടെ കൃപയും പിതാവായ ദൈവത്തിന്റെ സ്നേഹവും പരിശുദ്ധാത്മാവിന്റെ സഹവാസവും നിങ്ങളോടു കൂടിയുണ്ടാകട്ടെ. ഇപ്പോഴും + എപ്പോഴും + എന്നേക്കും

സമൂ. : ആമ്മേൻ

# സമാപനഗാനം

ഭാരതം കതിരു കണ്ടു
ഭൂമുഖം തെളിവു കണ്ടു
മാർത്തോമ്മാ നീ തെളിച്ച
മാർഗ്ഗത്തിലായിരങ്ങൾ
ആനന്ദകാന്തി കണ്ടു

ധൈര്യം പകർന്നു തന്ന ജീവിതം
ഗുരുവിൻ മനം കവർന്ന ജീവിതം
പരസേവനം പകർന്ന ജീവിതം
സുവിശേഷദീപ്തിയാർന്ന ജീവിതം (ഭാരതം....)

ഇരുളിൽ പ്രകാശമായി തെളിഞ്ഞു നീ
മരുവിൽ തടാകമായ് നിറഞ്ഞു നീ
സുരലോക പാത നരനു കാട്ടുവാൻ
ഒരു ദൈവദൂതനായണഞ്ഞു നീ (ഭാരതം)

# സ്തോത്രഗീതം

ദൈവമേ ഞങ്ങളങ്ങേ വാഴ്ത്തുന്നു
അങ്ങേക്കായെന്നും സ്തോത്രങ്ങൾ
പാരിതിന്നധിനാഥനായങ്ങേ
ഞങ്ങളെന്നും സ്തുതിക്കുന്നു
നിത്യ സൽപിതാവാകുമങ്ങയെ
ആരാധിക്കുന്നു പാരാകെ - 2

ദൈവദൂതന്മാരേവരും പിന്നെ
സ്വർഗവാസികൾ സർവ്വരും
സ്വർഗവും ക്രോവേസ്രാപ്പേൻ വൃന്ദവും
സ്വർഗസംഗീതം മീട്ടുന്നു
സൈന്യാധീശനാം ദൈവം സംശുദ്ധൻ
സംശുദ്ധൻ നിത്യം സംശുദ്ധൻ - 2

ഭൂവും വാനവും തൻ മഹിമയാൽ
തിങ്ങീടുന്നല്ലോ സന്തതം
ശ്രീയെഴും ദിവ്യപ്രേഷിതർ ധന്യ-
നിവ്യന്മാർ വേദസാക്ഷികൾ
നിത്യാനന്ദപ്രതാപവാനങ്ങേ
വാഴ്ത്തീടുന്നു നിരന്തരം - 2

നിസ്തുലൻ പ്രഭാപൂരിതൻ താതാ
നിത്യനാം ഏക സൂനുവേ
പാവനാത്മാ ത്രീയേക ദൈവമേ
സ്തോത്രമെന്നുമെന്നേയ്ക്കുമേ
ലോകമാകവെ പാവനാം സഭാ
കീർത്തിക്കുന്നങ്ങേ സാദരം - 2

പ്രാഭവമേഴും രാജനാണു നീ
ക്രിസ്തുനാഥാ മഹോന്നതാ
ഉന്നതനായ താതൻ തന്നുടെ
ദിവ്യനാം സൂനുവാണു നീ
മർത്ത്യരക്ഷയ്ക്കായ് കന്യകയിൽ നി-
ന്നങ്ങുമന്നിടേ ജാതനായ് - 2

മൃത്യുവേ ജയിച്ചങ്ങു മക്കൾക്കായ്
സ്വർഗവാതിൽ തുറന്നഹോ
ദൈവത്തിന്റെ വലത്തുഭാഗത്തായ്
വാഴ്‌വൂ നീ ദിവ്യശോഭയിൽ
അങ്ങുതാൻ വിധിയാളനായ് വരു-
മെന്നും വിശ്വസിക്കുന്നിവർ - 2

(ശിരസ്സ് കുനിക്കുന്നു)
നിന്നനർഘമാം ശോണിതത്തിനാൽ
വീണ്ടെടുത്തൊരീ ദാസരിൽ
നിൻകൃപാമൃതം ചിന്തണേയെന്നും
യാചിപ്പൂ ഞങ്ങൾ സാദരം
(ശിരസ്സ് ഉയർത്തുന്നു)
നിത്യാനന്ദത്തിലങ്ങേ സ്നേഹിത-
രൊത്തു ചേരാൻ കനിയണേ - 2

കാത്തിടൂ നാഥാ നിൻ ജനങ്ങളെ
ആശിസ്സേകണെ നിത്യവും
നീ ഭരിക്കുക നിൻ ജനങ്ങളെ
ഉന്നതിയിവർക്കേകണേ
നിത്യവും ഞങ്ങളങ്ങേ വാഴ്ത്തും നിൻ
പാവനനാമവും തഥാ-2

ഇന്നു ഞങ്ങളിൽ പാപമേശായ്‌വാൻ
നിന്നനുഗ്രഹം നൽകണേ
ആശ്രയിച്ചിവർ തീവ്രമായങ്ങിൽ
തിങ്ങും കാരുണ്യം പുൽകുവാൻ
അർപ്പിച്ചു നിന്നിലാശ സർവ്വവും
ലേശംലജ്ജിക്കയില്ല ഞാൻ - 2